# ദൈവശബ്ദം കേൾക്കുന്നവരാകുക

## യാക്കോബ് 1:19

**"എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ."**

ദൈവം തന്റെ രൂപസാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനു കനിഞ്ഞു നൽകിയ അവയവങ്ങളിൽ രണ്ടെണ്ണമാണ്, ചെവിയും, നാവും. നാവിനേക്കാൾ, ചെവി എണ്ണത്തിൽ കൂടുതലെങ്കിലും അതിനു അതിന്റേതായ പ്രാധാന്യതയും ഉണ്ട്. ആ പ്രാധാന്യതയത്രേ നാം സംസാരിക്കുന്നതിനേക്കാൾ കേൾക്കേണ്ടിയിരിക്കുന്നു എന്നത്. ഈ തത്വം ഏതൊരു മനുഷ്യർ തമ്മിലായാലും, ദൈവവും മനുഷ്യനും തമ്മിലായാലും ഒരു പോലെയാണ്. എന്നാൽ ഇന്നത്തെ ഈ ആധുനീക ലോകത്ത്, മനുഷ്യൻ തന്റെ ജീവിത ലക്ഷ്യങ്ങൾക്കായി മുന്നോട്ടോടിക്കൊണ്ടിരിക്കുമ്പോൾ, ദൈവം പറയുന്നതു കേൾക്കുവാൻ തീരെ സമയം ഇല്ലാതായിരിക്കുന്നു. എന്തിനേറെ, തന്റെ സഹവാസികളുടെ ശബ്ദം പോലും തിരിച്ചറിയാത്തവിധം, മനുഷ്യർ ഒരു മയാലോകത്ത് അകപ്പെട്ടിരിക്കുന്നു എന്നു തന്നെ വേണം പറയാൻ.

എന്നാൽ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത്, നമ്മുടെ ദൈനംദിന ജീവിതത്തിൽ നാമും ദൈവവുമായുള്ള ബന്ധത്തിൽ, ദൈവത്തിന്നു നമ്മോട് പറയുവാനുള്ള കാര്യങ്ങൾ കേൾക്കുവാനുള്ള ഒരു വ്യഗ്രത നമുക്കുണ്ടാകേണം എന്നതാണ്. പക്ഷെ പലപ്പോഴും ദൈവസന്നിധിയിൽ ചെല്ലുമ്പോൾ അവൻ പറയുന്നതിന്നു നാം ചെവികൊടുക്കാറില്ല, മറിച്ച് നമ്മുടെ ആവശ്യങ്ങൾ അവന്റെ മുമ്പിൽ നിരത്തിവെച്ച് അതിനുള്ള പോംവഴിക്കായി നാം അവനോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ ദൈവസന്നിധിയിൽ നാം അവനെ ചെവിക്കൊള്ളാതെ കൂടുതൽ സംസാരിക്കുന്നതു കൊണ്ടായിരിക്കും തിരുവചനം ഇപ്രകാരം പറയുന്നു "മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞു കൊൾവിൻ" (**സങ്കീർത്തനം 46:10**).

പ്രിയ ദൈവപൈതലെ, ദൈവത്തെ കൂടുതലായി അറിയണമെങ്കിലും, നമ്മോടുള്ള അവന്റെ പ്രവർത്തന പദ്ധതികളെക്കുറിച്ചും, അവന്റെ ഇഷ്ടങ്ങളെക്കുറിച്ചും, ശരിക്കുള്ള ബോധ്യം നമുക്കുണ്ടാകണമെങ്കിലും, അവൻ നമ്മോട് സംസാരിക്കുന്നത് കൂടുതലായി നാം കേൾക്കേണ്ടിയിരിക്കുന്നു. ദൈവത്തിൽ നിന്ന് നാം കേൾക്കേണ്ടിയതിന്റെ പ്രാധാന്യത അധികമായി ചിന്തിക്കാത്തതു നിമിത്തമാണ് ദൈവം പലവട്ടം അരുളിച്ചെയ്തത് ഒരു തവണയെങ്കിലും കേൾക്കുവാനുള്ള മനസ്സ് ഇന്നു പലർക്കും ഇല്ലാതിരിക്കുന്നത്. ദൈവവചനത്തിലുടനീളം നോക്കിയാൽ ദൈവത്തിന്റെ ശബ്ദം

കേൾക്കുകയും അനുസരിക്കുകയും ചെയ്തവരുടെ ഒരു നിര തന്നെ കാണാം. അതവർക്ക് ദൈവത്തിൽ നിന്നുള്ള അനുഗ്രഹത്തിന്നു കാരണമായിത്തീർന്നതായും നാം കാണുന്നു. എന്നാൽ മറിച്ച് ദൈവശബ്ദം നിരാകരിച്ചു കളഞ്ഞവർ തങ്ങളുടെ ജീവിതത്തിൽ ദൈവകോപത്തിന്നു അവസരം ഉണ്ടാക്കിക്കൊടുത്തു എന്നും വ്യക്തമായി നാം കാണുന്നു. പ്രിയരേ, ചില സന്ദേശങ്ങൾ കൈമാറുവാനും ദൈവീക പദ്ധതികൾ നമ്മിൽ വെളിപ്പെടുത്തുവാനുമത്രേ ഇന്നും ദൈവം നമ്മോടു സംസാരിച്ചു കൊണ്ടിരിക്കുന്നത്. അത് ശ്രദ്ധാപൂർവ്വം കേൾക്കുവാൻ നമുക്ക് മനസ്സുണ്ടോ? ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനം 62:11

ബലം ദൈവത്തിന്നുള്ളതെന്നു ദൈവം ഒരിക്കൽ അരുളിച്ചെയ്തു. ഞാൻ രണ്ടുപ്രാവശ്യം കേട്ടുമിരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 195